കിറ്റ് ബോക്സുകൾ നല്കുകയും ചെയ്തിട്ടുണ്ട്. കുറ്റാന്വേഷണം കാര്യക്ഷമം ആക്കുന്നതിന്റെ ഭാഗമായി ക്രൈംബ്രാഞ്ച് വിഭാഗം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കുറ്റവാളികളുടെയും കുറ്റകൃത്യങ്ങളിൽ സംശയിക്കപ്പെടുന്നവരേയും സംബന്ധിച്ച ഫോട്ടോഗ്രാഫുകൾ ഉൾപ്പെടെ സർവ്വവിവരങ്ങളും ഉൾക്കൊള്ളുന്ന കംപ്യൂട്ടർ ഡേറ്റാ ഷിറ്റുകൾ ഉണ്ടാക്കി വിശകലനം ചെയ്ത് കുറ്റകൃത്യങ്ങൾ സത്വരം കണ്ടെത്തുന്നതിനുള്ള "മോഡസ് ഓപ്പറാന്റി ബ്യൂറോ" പ്രവർത്തിച്ചുവരുന്നുണ്ട്. ത്വരിതഗതിയിൽ ഫിംഗർപ്രിന്റ് താരതമ്യേന നടത്തി കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് "ഫിംഗർ പ്രിന്റ് അനാലിസിസ് ആന്റ് ക്രിമിനൽ ട്രേഡിംഗ് സിസ്റ്റം" എന്ന അത്യാധുനിക കംപ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സിറോജി ഡോക്യുമെന്റ്സ് (സിവിൽ) എന്നീ പുതിയ വിഭാഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) പോലീസ് വകുപ്പിലെ വിവിധ ഓഫീസുകളുടെ 130-ഓളം കംപ്യൂട്ടറുകൾ സ്ഥാപിച്ച് കംപ്യൂട്ടർവൽക്കരണം ആരംഭിച്ചു. പല മേഖലകളിലും അതിനുവേണ്ട സോഫ്റ്റ്വെയർ സ്വന്തമായി രൂപപ്പെടുത്തി ഉപയോഗിച്ചുവരുന്നു. കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ കംപ്യൂട്ടർവൽക്കരിച്ച് ഒരു സംസ്ഥാനതല കംപ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

(ഇ) കേസന്വേഷണങ്ങൾ വേഗത്തിലാക്കുന്നതിന് കേസന്വേഷണത്തിൽ ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോഗത്തെ സംബന്ധിച്ച് വിവിധ ഏജൻസികളിലെ വിദഗ്ദ്ധർ മുഖേന കേരള പോലീസിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നുണ്ട്. കേസ് അന്വേഷണത്തിന്റെ പുരോഗതിയും വിവരങ്ങളും ആവലാതിക്കാരെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസ് അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും വേണ്ടി ലോക്കൽ പോലീസിൽ 1800 ഹെഡ്കോൺസ്റ്റബിൾമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(എഫ്) പരിശോധിക്കുന്നതാണ്.

കൊടുങ്ങല്ലൂർ കേന്ദ്രമായി ഒരു പോലീസ് സബ്-ഡിവിഷൻ

93 (93) പ്രൊഫ: മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശപട്ടണമായ കൊടുങ്ങല്ലൂർ കേന്ദ്രമായി ഒരു പോലീസ് സബ്-ഡിവിഷൻ തുടങ്ങണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണന്ന് വിശദമാക്കുമോ ;

(സി) അടുത്ത സാമ്പത്തിക വർഷമെങ്കിലും (2000-2001) കൊടുങ്ങല്ലൂർ കേന്ദ്രമായിട്ടുള്ള പോലീസ് സബ്-ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരികയാണ്.

ഉപ്പള പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

94 (95) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപ്പള പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ;

(ബി) ഈ വർഷം സംസ്ഥാനത്ത് എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുദ്ദേശിക്കുന്നു ;

(സി) എവിടെയൊക്കെ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ മുൻഗണനാലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ 'ഉപ്പള' 44-ാമതായി ചേർത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്†. പോലീസ് ഡയറക്ടർ ജനറലിൽ നിന്നും മുൻഗണനാക്രമത്തിൽ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈകൊള്ളുന്നതാണ്.

കൊല്ലം എസ്.എൻ. കോളേജ് സംഘട്ടനത്തിൽ പരിക്കേറ്റ പോലീസുകാർ

95 (96) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 17-1-2000 തിങ്കളാഴ്ച കൊല്ലം എസ്.എൻ. കോളേജിൽ ഉണ്ടായ സംഘട്ടനത്തിലും കല്ലേറിലും എത്ര പോലീസുകാർക്കു പരിക്കുപറ്റി ;

(ബി) അവർ ആരൊക്കെ എന്ന് വ്യക്തമാക്കാമോ ;

(സി) കോളേജിന് എന്തെങ്കിലും നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ എത്രമാത്രം ;

(ഡി) ഇതിനോട് അനുബന്ധിച്ച് എത്രപേരെ അറസ്റ്റു ചെയ്തു എന്നും അവർ ആരൊക്കെയാണെന്നും അവർ ഏതു സംഘടനകളിൽപ്പെട്ടവരാണെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഇവർക്ക് എതിരെ ഏതെല്ലാം വകുപ്പിലാണ് കേസ് എടുത്തത് ;

---

† അനുബന്ധം XXI

LIBRARY ARCHIVES Kerala Legislative Assembly